**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 257** **16-09-2025 - ൽ മറുപടിയ്ക്ക്**

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2024 ഏപ്രിൽ 4-ന് നടന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 പരീക്ഷയുടെ റാങ്ക് ലിസ്റ്റ് 2024 ഒക്ടോബറിൽ വന്ന് ഒൻപത് മാസം പിന്നിട്ടെങ്കിലും പല ജില്ലകളിലും നിയമനങ്ങൾ നടക്കാതിരുന്നതിന്റെ പ്രധാന കാരണം എന്താണെന്ന് വിശദമാക്കുമോ; | (എ) | ആരോഗ്യ വകുപ്പിലെ പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ വിവിധ തസ്തികകളിലെ റിട്ടയർമെന്റ്, ഉയർന്ന തസ്തികളിലേക്കുള്ള സ്ഥാനക്കയറ്റം എന്നിവ മൂലം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യിട്ടുണ്ട്. പി.എസ്.സി യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറക്ക് നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതി, ഒ.പി. (കെ.എ.റ്റി.) നമ്പർ 218/2023, ഒ.പി. (കെ.എ.റ്റി.) നമ്പർ 97/2023 എന്നീ കേസുകളിൽ പുറപ്പെടുവിച്ച 17.06.2025 തീയതിയിലെ ഉത്തരവ് പ്രകാരം പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ വിവിധ തസ്തികകളിലേക്ക് കോടതിയുടെ അനുമതിയില്ലാതെ തുടർന്ന് സ്ഥാനക്കയറ്റം നൽകുന്നത് വിലക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച കേസുകളിലെ സ്റ്റേ ഉത്തരവ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികയിലെ നേരിട്ടുള്ള നിയമനത്തെ ബാധിച്ചിട്ടുണ്ട്. |
| (ബി) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് രണ്ടിൽ ഇരുന്നൂറോളം ഒഴിവുകൾ ഉള്ളതായി റിപ്പോർട്ടുകൾ ഉണ്ടെങ്കിലും, ഒ.പി. (കെ.എ.റ്റി.) നമ്പർ .218/2023 കേസിലെ സ്റ്റേ ഉത്തരവ് നിയമന പ്രക്രിയയെ എങ്ങനെ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഒ.പി. (കെ.എ.റ്റി.) നമ്പർ 218/2023, ഒ.പി. (കെ.എ.റ്റി.) നമ്പർ 97/2023 എന്നീ കേസുകളിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 17.06.2025 തീയതിയിലെ ഉത്തരവ് പ്രകാരം തുടർന്ന് ഉത്തരവുണ്ടാകുന്നതുവരെ സ്ഥാനക്കയറ്റത്തിന് വിലക്ക് ഏർപ്പെടുത്തുകയും പ്രസ്തുത കേസുകൾ ഹൈക്കോടതിയുടെ ഫുൾ ബെഞ്ചിന്റെ പരിഗണനക്ക് വിടുകയും ചെയ്തു. 1997 മുതൽ പ്രസിദ്ധീകരിക്കപ്പെട്ട ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ വിവിധ കാലയളവുകളിലെ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമാണ് കോടതി വ്യവഹാരങ്ങൾക്കാധാരം. ഇതേ വിഷയം SLP (C) No. 18363/2018 എന്ന കേസിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുമുണ്ട്. |

| | | | |
|---|---|---|---|
| | | | സ്ഥാനക്കയറ്റത്തിന് ഏർപ്പെടുത്തിയ വിലക്ക് നീക്കുന്നതിനും SLP (C) No. 18363/2018 കേസ് ഉടൻ തീർപ്പാക്കുന്നതിനായും നടപടികൾ സ്വീകരിക്കുന്നതിന് വിശദമായ നിർദ്ദേശം അഡ്വക്കേറ്റ് ജനറലിനു സർക്കാർ നൽകിയിട്ടുണ്ട്. |
| (സി) | കോവിഡ് പോലുള്ള പകർച്ചവ്യാധികളും മഴക്കാല രോഗങ്ങളും നേരിടാൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിൽ നിയമനം അത്യാവശ്യമാണെങ്കിലും സർക്കാർ (ആരോഗ്യവകുപ്പ്) അതിനുള്ള അടിയന്തര നടപടികൾ എടുക്കാതിരുന്നതിനെപറ്റി വിശദീകരണം നൽകാമോ; | (സി) | ഒ.പി. (കെ.എ.റ്റി.) നമ്പർ 218/2023, ഒ.പി. (കെ.എ.റ്റി.) നമ്പർ 97/2023 എന്നീ കേസുകളിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 17.06.2025 തീയതിയിലെ ഉത്തരവ് പ്രകാരം തുടർന്ന് ഉത്തരവുണ്ടാകുന്നതുവരെ സ്ഥാനക്കയറ്റത്തിന് വിലക്ക് ഏർപ്പെടുത്തുകയും പ്രസ്തുത കേസുകൾ ഹൈക്കോടതിയുടെ ഫുൾ ബെഞ്ചിന്റെ പരിഗണനക്ക് വിടുകയും ചെയ്തു. 1997 മുതൽ പ്രസിദ്ധീകരിക്കപ്പെട്ട ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ വിവിധ കാലയളവുകളിലെ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമാണ് കോടതി വ്യവഹാരങ്ങൾക്കാധാരം. ഇതേ വിഷയം SLP (C) No. 18363/2018 എന്ന കേസിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുമുണ്ട്. സ്ഥാനക്കയറ്റത്തിന് ഏർപ്പെടുത്തിയ വിലക്ക് നീക്കുന്നതിനും SLP (C) No. 18363/2018 കേസ് ഉടൻ തീർപ്പാക്കുന്നതിനായും നടപടികൾ സ്വീകരിക്കുന്നതിന് വിശദമായ നിർദ്ദേശം അഡ്വക്കേറ്റ് ജനറലിനു സർക്കാർ നൽകിയിട്ടുണ്ട്. |
| (ഡി) | റാങ്ക് ലിസ്റ്റിലുള്ള പലർക്കും പ്രായപരിധി കഴിയുന്ന സാഹചര്യത്തിൽ, പി.എസ്.സിയുടെ നിയമനം സാധ്യമാക്കാൻ കോടതി അനുമതിയോടെ പ്രമോഷൻ നടപടികൾ വേഗത്തിലാക്കാനുള്ള സർക്കാരിന്റെ പദ്ധതിയെക്കുറിച്ച് വിശദാംശം നൽകുമോ? | (ഡി) | ഒ.പി. (കെ.എ.റ്റി.) നമ്പർ 218/2023, ഒ.പി. (കെ.എ.റ്റി.) നമ്പർ 97/2023 എന്നീ കേസുകളിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 17.06.2025 തീയതിയിലെ ഉത്തരവ് പ്രകാരം തുടർന്ന് ഉത്തരവുണ്ടാകുന്നതുവരെ സ്ഥാനക്കയറ്റത്തിന് വിലക്ക് ഏർപ്പെടുത്തുകയും പ്രസ്തുത കേസുകൾ ഹൈക്കോടതിയുടെ ഫുൾ ബെഞ്ചിന്റെ പരിഗണനക്ക് വിടുകയും ചെയ്തു. 1997 മുതൽ പ്രസിദ്ധീകരിക്കപ്പെട്ട ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ വിവിധ കാലയളവുകളിലെ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമാണ് കോടതി വ്യവഹാരങ്ങൾക്കാധാരം. ഇതേ വിഷയം SLP (C) No. 18363/2018 എന്ന കേസിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുമുണ്ട്. സ്ഥാനക്കയറ്റത്തിന് ഏർപ്പെടുത്തിയ വിലക്ക് നീക്കുന്നതിനും SLP (C) No. 18363/2018 കേസ് ഉടൻ തീർപ്പാക്കുന്നതിനായും നടപടികൾ സ്വീകരിക്കുന്നതിന് വിശദമായ നിർദ്ദേശം അഡ്വക്കേറ്റ് ജനറലിനു സർക്കാർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ